2006 മുതൽ ബാംബു കൺസോർഷ്യം എന്ന പേരിൽ മുള ഉൽപ്പന്ന യൂണിറ്റുകളുടെ ക്ലസ്റ്റർ ജില്ലയിൽ പ്രവർത്തിച്ചുവരുന്നു.

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഭാഗമായി വയനാട് ജില്ലയിൽ വയനാട് ട്രൈബൽ മേളയും കഴിഞ്ഞ 3 വർഷങ്ങളിലായി നല്ല രീതിയിൽ സംഘടിപ്പിക്കുകയുണ്ടായി.

ജില്ലയിലെ ഭക്ഷ്യ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു എക്സിബിഷൻ വയനാട് ഫ്ളവർഷോയോടനുബന്ധിച്ച് കൽപ്പറ്റയിൽ നടന്നുവരുന്നു. 13 സംരംഭകർ പ്രസ്തുക എക്സിബിഷനിൽ പങ്കാളികളാണ്. ഈ വർഷംതന്നെ ടെക്നോളജി ക്ലിനിക്കും. നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു. എക്സിബിഷന് 1 ലക്ഷം രൂപയും ടെക്നോളജി ക്ലിനിക്കിന് 85,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

വ്യവസായമേഖലയിലെ മാലിന്യങ്ങൾ കുറയ്ക്കുന്നതിനുള്ള സംവിധാനം

158 (2188) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായമേഖലയിലെ മാലിന്യങ്ങൾ കുറയ്ക്കാൻ പ്രത്യേകം പുതിയ സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

കേരള സംസ്ഥാനത്തെ വ്യവസായ ശാലകളിൽനിന്നും പുറന്തള്ളപ്പെടുന്ന ആപത്കരമായ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി കൊച്ചി അമ്പലമുകളിൽ ഒരു പൊതു മാലിന്യസംസ്കരണ സംവിധാനം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എടയാറിലും അരൂരിലും വ്യവസായ മാലിന്യ സംസ്കരണ പ്ലാന്റുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ച് വരുന്നുണ്ട്.

വ്യവസായപാർക്കുകളിൽ ഭൂമി ഏറ്റെടുക്കുന്നതിന് പ്രത്യേക ട്രിബ്യൂണൽ

159 (2189) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന വ്യവസായ പാർക്കുകളിൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശവും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly